

SATURDAY 25-06-2022 ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram – 695003,**

**Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/06/2022.

1. ജൂൺ 27 മുതൽ 30 വരെ തിരുവനന്തപുരം പൂജപ്പുര മണ്ഡലത്തിലും സമീപത്തുമായി ഞാറ്റുവേല ചന്തയും സെമിനാറുകളും കർഷകരുടെ അനുഭവം പങ്കുവയ്ക്കലും വിവിധ കലാ പരിപാടികളും നടത്തപ്പെടുന്നു. ഇതിനോടനുബന്ധിച്ച് ജില്ലാതല കർഷക അവാർഡ് വിതരണം സംഘടിപ്പിക്കുന്നു. പൂജപ്പുര മണ്ഡപത്തിൽ ജൂൺ 27-ന് വൈകുന്നേരമാണ് ഉദ്ഘാടനം. സ്പീക്കർ, കൃഷി വകുപ്പ് മന്ത്രി, വിദ്യാഭ്യാസ മന്ത്രി, ഗതാഗത മന്ത്രി എന്നിവർ പങ്കെടുത്തു, കർഷകരുടെ വർണശബളമായ ഘോഷയാത്രയും നടത്തപ്പെടും. മേളയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ ഫാമുകൾ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വി എഫ് പി സി കെ, കയർഫെഡ്, ബയോ ടെക്നോളജി ആൻഡ് ഫ്ളോറികൾച്ചർ സെന്റർ, സംരംഭകർ തുടങ്ങി വിവിധ സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തമുണ്ടാകും. ഞാറ്റുവേല ചന്തയിൽ വിഷരഹിത നാടൻ പഴങ്ങൾ, പച്ചക്കറികൾ, അലങ്കാരച്ചെടികൾ, ഫലവൃക്ഷതൈകൾ, കിഴങ്ങുവർഗങ്ങൾ, ഇലക്കറികൾ, കയർ ഉത്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും ഉണ്ടാകും. ഞാറ്റുവേലകളുടെ കൈമാറ്റവും, തലമുറകളുടെ സംവാദവും, കാർഷിക ലഘുരേഖകളുടെ വിതരണവും ഞാറ്റുവേല ചന്തയുടെ ഭാഗമായുണ്ടാകും. കാർഷിക സേവന ദാതാക്കളായ കാർഷിക കർമസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ സേവനം തിരുവനന്തപുരം നഗരത്തിന് ലഭ്യമാക്കാൻ പ്രത്യേക കൗണ്ടറുകളും സജ്ജീകരിക്കുന്നുണ്ടെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു

2. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ പ്രധാനമന്ത്രി സമ്മാൻ നിധി (പി. എം. കിസാൻ ) ഭൂമി വെരിഫിക്കേഷൻ ഇതുവരെ ചെയ്യാത്ത കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ പോർട്ടലിൽ ചേർക്കുന്നതിനായി ഇപ്പോൾ അവസരമുണ്ട്. കോഴിക്കോട് ബ്ലോക്കിന് കീഴിൽ വരുന്ന എട്ടു പഞ്ചായത്തുകളിൽ കൃഷിഭവനുകളുടെ സഹകരണത്തോടെ ഈ മാസം 26 (ജൂൺ 26) വരെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനുവേണ്ടി നികുതി ചീട്ട്, ആധാർ കാർഡ്, റേഷൻ

കാർഡ്, ബാങ്ക് പാസ് ബുക്ക്, പിഎം കിസാൻ രജിസ്റ്റർ ചെയ്തവർ രജിസ്റ്റർ ചെയ്ത നമ്പർ ഉള്ള ഫോൺ എന്നിവ കരുതേണ്ടതാണ്. രജിസ്ട്രേഷൻ നടത്താത്ത കർഷകർക്ക് തുടർ ആനുകൂല്യം ലഭിക്കുന്നതല്ല.

3. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം കൊക്കോ തൈകൾ തൈ ഒന്നിന് 20 രൂപയ്ക്ക് വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2438451, 2438452, 9061846212, 9446622960** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ജില്ലാ കൃഷിതോട്ടം കൂത്താളിയിൽ, കുറ്റ്യാടി തെങ്ങിൻ തൈകൾ (WCT) തൈ ഒന്നിന് 100 രൂപ നിരക്കിലും, കാസർകോടൻ കമുകിൻതൈകൾ തൈ ഒന്നിന് 12 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാർ ആയിട്ടുണ്ട്. ആവശ്യമുള്ളവർ കൂത്താളി ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെടേണ്ടതാണെന്ന് സൂപ്രണ്ട് അറിയിക്കുന്നു.

5. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന '**അടിയന്തിര രാത്രികാല വെറ്ററിനറി സേവനം**' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം, ഹരിപ്പാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി, പരമാവധി 89 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ക്ലിനിക്കൽ ഒബ്സ്ട്രട്രിക്സ് ആന്റ് ഗൈനക്കോളജി, ക്ലിനിക്കൽ മെഡിസിൻ, സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ബിരുദധാരികൾ ഇന്ന് (25-6-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ

മൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0477-2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം 28 മുതൽ 30 വരെ (ജൂൺ 28 മുതൽ 30) രാവിലെ 10 മണി മുതൽ മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന തീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കും. താൽപര്യമുള്ളവർ **0487-2960079, 9037033547, 9961533547** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മണ്ണുത്തി കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ്ടോക്നോളജിയിൽ അവസാന വർഷ ബി.ടെക് (ഡയറി ടെക്നോളജി), ബി.ടെക് (ഫുഡ് ടെക്നോളജി) വിദ്യാർത്ഥികൾ പാഠ്യപദ്ധതിയുടെ ഭാഗമായി നാലുദിവസത്തെ പാൽ-ഭക്ഷ്യോൽപ്പന്ന നിർമ്മാണ പരിശീലനം നൽകുന്നു. വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ പാൽപേഡ, ഗുലാബ് ജാമുൻ, യോഗർട്ട്, പനീർ, പനീർഅച്ചാർ, ശ്രീഖണ്ഡ്, ഐസ്ക്രീം, കുൽഫി, കെച്ചപ്പ്, സ്ക്വാഷ്, ജെല്ലി, ജാം, മഫിൻസ് എന്നിവയുടെ നിർമ്മാണവും അനുബന്ധ നിർമ്മാണ ഉപകരണങ്ങളും വിപണന സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലന പരിപാടി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപയാണ്. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തീയതി ഈ മാസം 26 (23/06/2022). കൂടുതൽ വിവരങ്ങൾക്ക് **8848656355, 9895958226** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.